ഉത്തരം

(എ) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി&സി) ചോദ്യം 'എ'-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യങ്ങൾ പ്രസക്തമല്ല.

സർക്കാർ ശമ്പളം പറ്റുന്ന ജീവനക്കാർ

7 (3216) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം പറ്റുന്ന എത്ര ജീവനക്കാരുണ്ട് ;

(ബി) സർക്കാർ നൽകുന്ന ഗ്രാന്റിൽ നിന്നും ശമ്പളം പറ്റുന്ന എത്ര ജീവനക്കാരുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം പറ്റുന്ന 4,86,131 ജീവനക്കാരുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് നടപടി

8 (3217) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് ധനകാര്യ വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഇപ്പോൾ നിലവിൽ ഉള്ളത് ; ഇത് ഫലപ്രദമാണോ : ഇല്ലെങ്കിൽ ഇത് മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത സംവിധാനം ഉപയോഗിച്ച് വിവിധ വകുപ്പുകളിലെ വാഹനദുരുപയോഗം കണ്ടെത്തിയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വാഹന പരിശോധന നടത്താറുണ്ട്. വാഹന ദുരുപയോഗം തടയുന്നതിനായി, സർക്കാർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ 24-2-2003-ലെ സർക്കാർ ഉത്തരവ്(എംഎസ്.) 113/03/ധന.യിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള സംവിധാനം ഫലപ്രദമാണ്.

LIBRARY ARCHIVES Kerala Legislative Assembly